# ഇനി മിഷേൽമോൾക്ക് അമ്മയുടെ വീട്ടിൽ പോകാം

പത്തനംതിട്ട: ദാമ്പത്യത്തിൻെറ താളപ്പിഴകൾക്കിടയിൽ കുടുംബജീവിതത്തിൻെറ ആഹ്ളാദങ്ങൾ അന്യമായിപ്പോയ മിഷേൽ എന്ന എട്ടുവയസ്സുകാരിക്ക് അമ്മയുടെ വീട്ടിൽ പോകാൻ അച്ഛൻ സമ്മതം നൽകി. സംസ്ഥാന വനിതാ കമീഷൻ മുമ്പാകെ കുട്ടിയുടെ അമ്മ കൊച്ചി പനമ്പള്ളി നഗറിലെ ജെനി സൂസൻ ജോസഫ് നൽകിയ പരാതിയിൽ ഭർത്താവ് മകളെ എന്നിൽനിന്നും അകറ്റി നിർത്തിയിരിക്കുകയാണെന്ന് അറിയിച്ചിരുന്നു. സംസ്ഥാന വനിതാ കമീഷന് മുമ്പിൽ ഹാജരായ ജെനിയോട് ഒത്തുതീർപ്പിൻെറ മാർഗങ്ങൾ കമീഷൻ ആരാഞ്ഞു. തൻെറ ഭാര്യ ടിവി ചാനലുകളിൽ നടത്തിവരുന്ന പരിപാടികളിൽനിന്നും പിന്മാറിയാൽ കൂട്ടിക്കൊണ്ടുപോകാൻ തയ്യാറാണമെന്ന് റാന്നി സ്വദേശിയായ ഭർത്താവ് അറിയിച്ചെങ്കിലും നിയമപരമായ കാരണങ്ങളാൽ തനിക്കതിന് കഴിയില്ലെന്ന് ജെനി വെളിപ്പെടുത്തി.

തുടർന്ന് മിഷേൽ മോൾക്കൊപ്പം കമീഷൻ അധ്യക്ഷ എം. കമലത്തിന്മുമ്പാകെ അച്ഛൻ വീണ്ടും ഹാജരായി. സ്നേഹവാൽസല്യങ്ങളുടെ കുടുംബാന്തരീക്ഷം ഉണ്ടാകണമെന്നാണ് കുട്ടിയാഗ്രഹിച്ചതെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതായി കമീഷൻ അധ്യക്ഷ പറഞ്ഞു.

എന്നാൽ വിവാഹബന്ധം വേർപെടുത്താൻ തീരുമാനിച്ച് തിരുവല്ല കുടുംബകോടതിയിൽ ഇരുവരും കേസുകൾ ഫയൽ ചെയ്ത സ്ഥിതിക്ക് പുനഃസംഗമത്തിന് വഴിയൊരുക്കാൻ കമീഷൻ മുമ്പാകെ മറ്റ് മാർഗങ്ങളൊന്നുമില്ലാതെ പോയി. എങ്കിലും കമീഷൻ അംഗം ലിസി ജോസ് ഇടപെട്ട് ദമ്പതികളോട് അനുരഞ്ജനത്തിൻെറ മാർഗങ്ങൾ വീണ്ടും ആരായുകയുണ്ടായി. ഇതിനെത്തുടർന്നാണ് തിരുവല്ലയിലെ ജെനിയുടെ കുടുംബവീട്ടിൽ ജെനിയുടെ മാതാപിതാക്കളുള്ളപ്പോൾ മിഷേലിൻെറ സമ്മതത്തോടുകൂടി കുട്ടി സമ്മതിക്കുന്ന അത്രയും ദിവസം അമ്മ ജെനിയുടെ കൂടെ വിടുന്നതിന് സമ്മതമാണെന്ന് അച്ഛൻ സമ്മതിച്ചത്. എന്നാൽ കുട്ടിയെ വിളിക്കാനും തിരിച്ചുവിടാനും ജെനിതന്നെ എത്തണമെന്ന് അച്ഛൻ ആവശ്യപ്പെട്ടു. പ്രമുഖ ചലച്ചിത്രതാരം മീരാജാസ്മിൻെറ സഹോദരിയാണ് മിഷേലിൻെറ അമ്മ ജെനി സൂസൻ ജോസഫ്.